# പ്ലാച്ചിമട പ്രശ്നത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

സി.ആർ. ബിജോയ്
വിവ : അനാമിക

**ഈ** വിഷയം കോടതിയിൽ നിയമപ്പോരാട്ടത്തിലാണ്. ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്തും സംസ്ഥാന സർക്കാരും പ്രവർത്തനാനുമതി നിഷേധിച്ചതും ഹൈക്കോടതി വിധിക്കെതിരെ നിലവിലുള്ള അപ്പീലിലും നില നിൽക്കുന്ന കാര്യങ്ങൾ പ്രാഥമികമായി ഇവയാണ്:

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 14-9-2004ലെ സുപ്രീം കോടതി മോണിറ്ററിംഗ് സമിതിയുടെ ഉത്തരവ് പ്രകാരം സംഘടിപ്പിച്ച പ്രാദേശിക പരിസ്ഥിതി കമ്മിറ്റിയുടെ നിർദ്ദേശം പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ 8, 9 വാർഡുകളിലെ 341 കുടുംബങ്ങൾക്ക് പൈപ്പ് വെള്ളം വിതരണം ചെയ്യണമെന്നത് കോള കമ്പനി നിരാകരിച്ചു.

റിവേഴ്സ് ഓസ്മോസിസ് പ്രക്രിയയോ തുല്യമായ സാങ്കേതികവിദ്യയോ അനുവർത്തിക്കാതിരിക്കുന്നത് സുപ്രീം കോടതി മോണിറ്ററിങ്ങ് സമിതിയോ മലിനീകരണ നിയന്ത്രണ ബോർഡോ നിർണ്ണയിച്ചിട്ടുള്ള മാരക മാലിന്യ നിയമ വ്യവസ്ഥകൾ കോള കമ്പനി ലംഘിച്ചത്. 01-01-2005 മുതൽ പ്രവർത്തനാനുമതി പുതുക്കുന്നതിനായി കൊക്കക്കോള കമ്പനി കേരള സംസ്ഥാന മലനീകരണ നിയന്ത്രണ ബോർഡിൽ 20-09-2004ന് സമർപ്പിച്ച അപേക്ഷയിൽ നിരവധി പോരായ്മകൾ ഉണ്ട്. ഇതിൽ കാഡ്മിയത്തിന്റെ ഉറവിടത്തെപ്പറ്റി പ്രതിപാദിച്ചിട്ടില്ല.

പെരുമാട്ടി പഞ്ചായത്തിലെ മുഴുവൻ പേർക്കും കുടിവെള്ളം വാഗ്ദാനം ചെയ്യുകയും വികസനോന്മുഖ ലക്ഷ്യത്തോടെ പഞ്ചായത്തിനെ ദത്തെടുക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടും എന്തുകൊണ്ടാണ് കോളകമ്പനി ദുരിതബാധിത കുടുംബങ്ങൾക്ക് പൈപ്പുവെള്ളം അനുവദിക്കാതിരുന്നത്?

കോളകമ്പനിക്ക് രാജ്യത്തിന്റെ ഇതര പ്രദേശങ്ങളിൽ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിക്കാമെങ്കിൽ ഇവിടെ എന്തു തടസമാണ് നിലനില്ക്കുന്നത് ?

അവർ എന്തുകൊണ്ടാണ് അസംസ്കൃത വസ്തുക്കളായ കാഡ്മിയം, ലെഡ് മുതലായ വിഷദ്രവ്യങ്ങളുടെ ഉറവിടം വെളിപെടുത്താത്തത് ?

ഈ ആവശ്യങ്ങളെല്ലാം കോളകമ്പനി നിറവേറ്റിയിരുന്നെങ്കിൽ 1989ലെ മാരക മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന നിയമത്തിലെ വ്യവസ്ഥകൾ ഏതാണ്ട് പൂർണ്ണമായും നിറവേറ്റി. ഇതുസംബന്ധിച്ചുള്ള വ്യവഹാരങ്ങളിൽനിന്നും ഒഴിഞ്ഞ് ഫാക്ടറി പ്രവർത്തനം പുനരാരംഭിക്കാമായിരുന്നു. എന്നാൽ ഇവിടെ പ്രതിപാദിച്ചിരിക്കുന്നത് കോള കമ്പനിയുടെ പ്രവർത്തനങ്ങളെ ഒരളവിലും ന്യായീകരിക്കുന്നതായി അർത്ഥമാക്കുന്നില്ല.

ഈ അവസ്ഥയിൽ എന്തുകൊണ്ടാണ് മലിനീകരണ നിയന്ത്രണ ബോർഡും ആരോഗ്യ മന്ത്രാലയവും മറ്റു ബന്ധപ്പെട്ട വകുപ്പുകളും വെറും നോക്കുകുത്തികളായി നിലകൊണ്ട് കാൻസർപോലുള്ള രോഗങ്ങൾക്ക് കാരണമാകുന്ന കാഡ്മിയം, ലെഡ് മുതലായ ലോഹങ്ങളുടെ ഉറവിടത്തെ പറ്റി അന്വേഷണം നടത്താതെ കോളകമ്പനിയുടെ സ്വമേധയാലുള്ള കുറ്റസമ്മതത്തിന് കാത്തുനിൽക്കുന്നത്? മലിനീകരണ നിയന്ത്രണ ബോർഡും സർക്കാരും എന്താണ് ഭയക്കുന്നത്?

2. ജലമലിനീകരണ നിയന്ത്രണ നിയമത്തിലെ 24(1)എ വകുപ്പ് പ്രകാരം സർക്കാർ കോളകമ്പനിക്കെതിരെ ശിക്ഷാ നടപടിക്രമങ്ങൾ എന്തുകൊണ്ട് ആരംഭിച്ചില്ല? 1994 ലെ നിയമപ്രകാരം പ്രകാരം ഒരു വ്യക്തിയും അറിഞ്ഞുകൊണ്ട് ജലാശയങ്ങൾ മലിനീകരിക്കുവാൻ പാടുള്ളതല്ല.

3. ജന ജീവിതത്തിനുതന്നെ ഭീഷണി ഉയർത്തുന്ന ഇത്തരം പ്രവൃത്തികൾക്കെതിരെ എന്തുകൊണ്ടാണ് സർക്കാർ മുൻകൈ എടുത്ത് ക്രിമിനൽ നടപടികൾ ആരംഭിക്കാതിരിക്കുന്നത് ?

4. ഈ പോരാട്ടത്തിലെ പങ്കാളികൾക്കും അവരെ തുണയ്ക്കുന്നവർക്കും ഇതിന്റെ ഇരകൾക്കും എതിരെയുള്ള കേസുകൾ പിൻവലിക്കുവാനോ തള്ളിക്കളയാനോ സർക്കാർ എന്തുകൊണ്ടാണ് തയ്യാറാകാത്തത്?

5. ജലം ഊറ്റുന്നത് മഴ പെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ പ്രതിദിനം 5 ലക്ഷം ലിറ്ററായി ഹൈക്കോടതി നിയന്ത്രിച്ചിട്ടുണ്ട്. തങ്ങളുടെ സംവിധാനമുപയോഗിച്ച് അധികമുള്ള ജലവും പാഴ്ജലവും വീണ്ടും ശുദ്ധീകരിക്കാമെന്നും അതുവഴി ഭൂഗർഭ ജലത്തിന്റെ ചൂഷണം വലിയൊരളവിൽ നിയന്ത്രിക്കാമെന്നുമാണ് കോളകമ്പനിയുടെ വാദം. എന്നാൽ മഴവെള്ള സംഭരണത്തെപ്പറ്റിയും മറ്റുമുള്ള കമ്പനിയുടെ പൊള്ളയായ വാദത്തിന് ഉപോത്ഫലകമായി യാതൊരു ശാസ്ത്രീയ തെളിവുകളുമില്ല. ഇരുപത് മാസത്തോളമായി ഉത്പാദനം നിർത്തിവെച്ചിട്ടും ഭൂഗർഭജല ഗുണനിലവാരത്തിന് കാതലായ മേന്മ കൈവന്നിട്ടില്ലെന്ന വസ്തുത ഇതിന് അടിവരയിടുന്നു.

6. പ്ലാച്ചിമടയിലെ ഭൂഗർഭ ജല ലഭ്യതയെ പറ്റി ആവശ്യമായ സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ലെന്നിരിക്കെ എന്തുകൊണ്ടാണ് ഭരണകൂടം നിയമംമൂലം പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ ഭൂഗർഭ ജല ചൂഷണം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തത്. 2002-ലെ കേരള ഭൂഗർഭ ജല നിയന്ത്രണ നിയമത്തിലെ 6ഉം 7ഉം ഖണ്ഡിക എന്തുകൊണ്ട് നടപ്പാക്കിയില്ല?

7. എന്തുകൊണ്ടാണ് രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങൾ പൊതുസ്ഥലങ്ങളിലും നിരത്തുകളിലും മാത്രമായി ചുരുങ്ങുന്നത്? അടിസ്ഥാന പ്രശ്നങ്ങളിൽ കക്ഷിരാഷ്ട്രീയ ഭേദ

മെന്യേ വീക്ഷണ സമന്വയം ഉണ്ടായിട്ടുപോലും ഇവരുടെ രാഷ്ട്രീയ പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട നിയമസാദ്ധ്യതകൾ പരിശോധിക്കുന്നതിലേക്ക് എത്തിച്ചേർന്നിട്ടില്ല. ഈ പാർട്ടികൾക്ക് കേന്ദ്രത്തിലും പങ്കാളിത്തമുണ്ട്. കോളകമ്പനി പോലുള്ള കമ്പനികൾ നടത്തുന്ന ബോധപൂർവ്വവും നഗ്നവുമായ നിയമലംഘനങ്ങളെ നിയന്ത്രിക്കുവാൻ ഉതകുന്നതല്ല നമ്മുടെ നിയമങ്ങൾ എന്ന് ഗ്രഹിക്കുവാൻ നമ്മുടെ രാഷ്ട്രീയ പാർട്ടികൾക്ക് സമയമായില്ലേ? പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയുടെ അമിത ഭൂഗർഭജല ചൂഷണം നിമിത്തം പരിസരവാസികൾ കുടിവെള്ളത്തിനായി നെട്ടോട്ടമോടുകയാണ്. ജന ജീവിതത്തിന് ഭീഷണിയായ ഇത്തരം ബോധപൂർവ്വമായ നിയമലംഘനങ്ങളെ നിയന്ത്രിക്കുവാൻ നിലവിലുള്ള നിയമങ്ങൾ തികച്ചും അപര്യാപ്തമല്ലേ? ഇടതുപക്ഷ കക്ഷികളും ഐക്യ പുരോഗമന മുന്നണിയുടെ പങ്കാളികളാണ്. രാഷ്ട്രീയകക്ഷികൾക്കും കേന്ദ്രഗവൺമെന്റിനും ഇതിൽ ഇടപെടാവുന്നതാണ്. വസ്തുതകൾ വ്യക്തമായിരിക്കെത്തന്നെ എല്ലാവരും നിശബ്ദത പാലിക്കുകയാണ്. ആവശ്യമെന്നു തോന്നുന്ന പക്ഷം ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാൻ പോലും പാർലിമെന്റ് പ്രാപ്തമാണ്. സംസ്ഥാന ഗവൺമെന്റിനും വിവിധ രാഷ്ട്രീയ പാർട്ടികൾക്കും ഈ വിഷയം കോടതിയുടെ പുറത്തേക്ക് കൊണ്ടുവന്ന് യോഗ്യമായ നിയമനിർമ്മാണവും നിർവ്വഹണവും നടത്തി പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താനുള്ള ഇച്ഛാശക്തിയില്ല. ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അപ്പീലിനു പോയില്ല. (പിന്നീട് സുപ്രീം കോടതിയിൽ അപ്പീൽ പോയി-എഡി.) മലിനീകരണ നിയന്ത്രണ ബോർഡ് നിയമാനുസൃതമായി പ്രവർത്തിക്കുന്ന എന്ന് ഉറപ്പുവരുത്തുവാൻ ആരോഗ്യ മന്ത്രാലയത്തിനെ അനുവദിക്കുന്നതിൽ വിമുഖത കാണിച്ചു. പെരുമാട്ടി പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് പ്ലാച്ചിമടയിലെ ജനങ്ങളുടെ ഇംഗിതത്തിന് എതിരായാണ് പ്രവർത്തിക്കുന്നത്.

8. കൊക്കക്കോള കമ്പനിക്കെതിരെയുള്ള നടപടി ഭാരതത്തിലേക്കുള്ള വിദേശ നിക്ഷേപത്തിന്റെ ഒഴുക്കു തടസ്സപ്പെടുത്തുമെന്ന് ചിലരെങ്കിലും സംശയിക്കുന്നു. ഇത് സ്ഥിരീകരിക്കത്തക്കതല്ല. കണക്കുകൾ സൂചിപ്പിക്കുന്നതനുസരിച്ച് ആഗോളവൽക്കരണത്തിനും ഉദാരവൽക്കരണത്തിനും മുമ്പേ തന്നെ വിദേശ മൂലധനത്തിന്റെ പടിപടിയായ വർദ്ധനവ് ഇവിടെ അനുഭവപ്പെട്ടിരുന്നു. നിയമലംഘനം നടത്തുന്ന ഒരു കമ്പനിക്കെതിരെ നടപടികൾ സ്വീകരിക്കുന്നത് വിദേശ മൂലധന നിക്ഷേപകർക്ക് അസ്വീകാര്യമായിരിക്കുകയില്ല. മാത്രമല്ല കമ്പനികളുടെ അവിഹിത മാർഗ്ഗത്തിലൂടെയുള്ള ഇത്തരം നേട്ടങ്ങളെ നിയന്ത്രിക്കുന്നത് ഏവർക്കും തുല്യ അവസരം പ്രദാനം ചെയ്യുന്നതിന് സഹായകരമായിരിക്കും. കമ്പനികളുടെ ദുഷ്പ്രവണതകൾക്കെതിരെയുള്ള ഒരു താക്കീതു കൂടിയായി ഇതിനെ കാണും.

9. സമരസമിതിയുടെയും ഏകോപന സമിതിയുടെയും മുന്നിലുള്ള വെല്ലുവിളികൾ എന്തൊക്കെയാണ്?

ഭരണകൂടത്തിന് മൂലധനത്തിന് എതിരെ പ്രവർത്തിക്കാനുള്ള തന്റേടം നഷ്ടമായിരിക്കുന്നു എന്ന് ഈ പോരാട്ടം സ്ഥിരീകരിക്കുന്നു. രാഷ്ട്രീയ, ഉദ്യോഗസ്ഥ, ജുഡീഷ്യൽ മണ്ഡലങ്ങളിൽ പ്രതികരണങ്ങൾ സൃഷ്ടിക്കുവാൻ ജനവികാരം പര്യാപ്തമാകുന്നില്ല. ഇത്തരം പോരാട്ടങ്ങൾ പ്രശ്നങ്ങൾക്ക് പ്രതിവിധികൾ നിർദ്ദേശിക്കുകയും പരിഹാര തന്ത്രമെനഞ്ഞെടുക്കുകയും കൂടി ചെയ്യേണ്ടതാണ്. ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ പഴയ രീതിയിലുള്ള പോരാട്ടങ്ങളും പ്രതിഷേധ പ്രകടനങ്ങളും തുടർന്നാൽ പോരാ. കമ്പോളാധിഷ്ഠിതമായ ഭരണസംവിധാനത്തെ മാറ്റം വരുത്തുന്ന രീതിയിലുള്ള പ്രതിവിധികൾ നിർദ്ദേശിക്കേണ്ടതായുണ്ട്. ഭരണസംവിധാനം ജനങ്ങളുടെ നിയന്ത്രണത്തിലായിരിക്കണം. ഭൂഗർഭ ജല നിയന്ത്രണവും പരിസ്ഥിതി സംരക്ഷണവും സർക്കാർ ഏജൻസികളിൽ നിന്നും മാറ്റി പരിപൂർണ്ണമായി ജനങ്ങളുടെ (Community) അവകാശമാക്കുകയും ഇതിനായി നേരിട്ട് ഗ്രാമസഭകളെ അധികാരപ്പെടുത്തുന്ന രീതിയിലുള്ള മാറ്റങ്ങൾ പഞ്ചായത്ത് രാജ് ആക്ടിൽ വരുത്താൻ സാധിക്കേണ്ടതാണ്. പഞ്ചായത്ത് രാജ് (Extension to Scheduled Area) ആക്ട് 1996ഉം പട്ടികവർഗ്ഗ (Settlement of forest right) ആക്ട് 2005ഉം ഇതിന് മുന്നോടിയായിട്ടുണ്ട്. ജനാധിപത്യ വ്യവസ്ഥയിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരം ഈ സംവിധാനത്തിന്റെ തന്നെ കൂടുതൽ ഉയർന്ന തലത്തിലുള്ള ജനാധിപത്യവൽക്കരണമാകുന്നു. ജനകീയാസൂത്രണത്തിനും വികേന്ദ്രീകൃത പരീക്ഷണങ്ങൾക്കുംശേഷം കേരളം ഇപ്പോൾ ഇത്തരമൊരു പരീക്ഷണത്തിന് പക്വമായിരിക്കുകയാണ്. വികേന്ദ്രീകൃത രീതിയിൽനിന്ന് വികേന്ദ്രീകൃത സ്വയംഭരണസംവിധാനത്തിലേക്കുള്ള സ്വാഭാവിക മാറ്റമാണ് വെല്ലുവിളിയായുയരുന്നത്.

# പ്ലാച്ചിമട സമരം – ഒരു തിരിഞ്ഞുനോട്ടം

**നാട്ടിൽ** നടന്നു കൊണ്ടേയിരിക്കുന്ന ബഹുവിധ പ്രശ്നാധിഷ്ഠിത ജനകീയ സമരങ്ങളിൽ അതുല്യമായ ഒരു സ്ഥാനം പ്ലാച്ചിമട സമരം നേടിയെടുത്തിരിക്കുന്നു. സമരം നാലാം വർഷത്തിലേക്കെത്തിക്കൊണ്ടിരിക്കുന്നു. അരാജകത്ത - സാഹസികരീതി ഒഴിവാക്കി, എല്ലായ്പ്പോഴും ജനായത്തപരമായിത്തന്നെ. കൊക്കക്കോള തളക്കപ്പെട്ടിരിക്കുന്നു. തൽക്കാലത്തേക്കെങ്കിലും. എങ്കിലും സമരം ഇനിയും വിജയിച്ചുവെന്ന് പറകവയ്യ. സമരനേതൃത്വത്തിൽ പ്രകാശ കവചിത വ്യക്തിത്വങ്ങളൊന്നും തന്നെയില്ല. എന്താണ് പ്ലാച്ചിമട സമരത്തിൽ അതിശയകരമായിട്ടുള്ളത്? അമേരിക്കൻ സാമ്രാജ്യത്വ ശക്തിയുടെ പ്രതീകമായ കൊക്കക്കോളയോടാണ് യുദ്ധം എന്നതോ? അഥവാ പ്രാചീനതയുടെയും പിന്നോക്കാവസ്ഥയുടെയും പ്രതീകമായ ആദിവാസികളും ആധുനികതയുടെ പ്രതീകമായ കൊക്കക്കോളയും തമ്മിലാണ് യുദ്ധം എന്നതോ?

ഭൂരഹിതരായ ഇരവാളൻ, മലയൻ, വിൽവേടൻ തുടങ്ങിയ ആദിവാസികളാണ് പെരുമാട്ടി പഞ്ചായത്തിലെ ജനങ്ങളിൽ കാൽഭാഗവും. ഇവരാണ് സമരത്തിന്റെ മുഖ്യധാരയിൽ ഉറച്ചുനിന്നത്. പ്രശ്നം നേരിട്ട് ബാധിച്ച ഭൂവുടമകളായ സാധാരണക്കാരേക്കാൾ ഭൂരഹിതരായ ഈ നിർധനർ എന്തുകൊണ്ട് സമരത്തിൽ ആവേശത്തോടെ പങ്കെടുത്തു? സഹായമനസ്സില്ലായിരുന്ന പഞ്ചായത്തിനേയും, കുത്സിത ബുദ്ധികളായ രാഷ്ട്രീയക്കാരെയും ദോഷൈകദൃക്കുകളായ പത്രക്കാരെയും പ്രതികൂല മനസ്സ് വെടിഞ്ഞ് സമരത്തിനണിചേർക്കാൻ ഇവർക്കെങ്ങിനെ കഴിഞ്ഞു? ഇവരുടെ ഏത് തന്ത്രമാണ് സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും ആഗോള സമൂഹത്തിന്റെയും സീമകളുല്ലംഘിച്ച് ആശയ വിനിമയം നടത്താനിവരെ സഹായിച്ചത്? ബഹുവിധരാഷ്ട്രീയ ചിന്താധാരകളെ ഒരുമിപ്പിക്കാനിവർക്കെങ്ങനെ കഴിഞ്ഞു? പത്രമാദ്ധ്യമങ്ങളുടെയും യുവജനസംഘടനകളേയും സാമൂഹ്യപ്രവർത്തകരെയും മനുഷ്യാവകാശ സംഘടനകളെയും കൂടെനിർത്തി ഇടപെടിക്കാനും ഇവർക്കെങ്ങനെ കഴിഞ്ഞു?

രാജവീഥികളിൽ നിന്നകലെ, ഒരു കുഗ്രാമം മാത്രമാണ്

● പുസ്തക പരിചയം

# മയിലമ്മ : പോരാട്ടത്തിന്റെ പ്രതീകം

ഷീബ അമീർ

"അത് ശരിയല്ല ഭാസ്കരേട്ടാ, നമ്മടെ നാട്ടില് കമ്പനി വന്നാ നമുക്ക് നാസമാണ്. നമ്മടെ വെള്ളത്തിനെയൊക്കെ നസിപ്പിക്കാനാണ് ഈ കമ്പനി ഇവിടെതന്നെ വരണത്."

കൊക്കക്കോള കമ്പനി വരുന്നുണ്ടെന്ന് കേട്ടപ്പോൾ തന്നെ സമൂഹത്തിന്റെ ഏറ്റവും താഴെക്കിടയിൽ കിടന്നിരുന്ന, സാധാരണക്കാരിൽ സാധാരണക്കാരിയായ മയിലമ്മ പ്രതികരിച്ചതിങ്ങനെയാണ്. സാമാന്യബോധമുള്ള ഒരാളുടെ പ്രതികരണം.

"പ്ലാച്ചിമട എന്ന ഇത്രവട്ടമാണ് ഞാൻ ഇരിക്കണ സ്ഥലം. ഇരിക്ക്ണവിടെ ഇരിക്കാൻ പറ്റാത്ത തരത്തിലുള്ള കഷ്ടപ്പാടും പുത്തിമുട്ടും വന്നിരിക്കയാണ് ഞങ്ങളിന്റെ കൂട്ടർക്ക്." എന്ന് മയിലമ്മ പറയുമ്പോൾ അത് ഒരു പറഞ്ഞറിവോ കേട്ടറിവോ അല്ല. അനുഭവമാണ്. ആ അനുഭവത്തിന്റെ തീക്ഷ്ണത നിറഞ്ഞു നിൽക്കുന്നതാണ് മയിലമ്മ ഒരു ജീവിതം എന്ന




പുസ്തകം.

ആദർശങ്ങൾ ഉൾക്കൊള്ളുന്നത് അനുഭവങ്ങളിൽ നിന്നാകുമ്പോൾ ഇടയ്ക്ക് വച്ച് ഒരിറങ്ങിപ്പോക്കോ ആദർശങ്ങൾ തന്നെ തകർന്നുപോകലോ സംഭവിയ്ക്കുന്നില്ല. അതാണ് മയിലമ്മയുടെ കഥ. മനുഷ്യർ നിലനില്പിനായി നടത്തുന്ന പോരാട്ടത്തിന്റെ പ്രതീകമാണവർ.

മയിലമ്മയ്ക്കും അവരുടെ പോരാട്ടങ്ങൾക്കും അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ടുള്ള ഈ കൃതി പ്ലാച്ചിമട സമരത്തിന് പ്രചോദകമാണ്. ജീവിതം തന്നെ നിരന്തരം പോരാട്ടമാക്കുന്ന സാധാരണ സ്ത്രീകളുടെ അസാധാരണ അനുഭവങ്ങൾ വാമൊഴി ഭാഷയിൽ അപൂർവ്വതകളാണ്.

*മയിലമ്മ : ഒരു ജീവിതം-പ്ലാച്ചിമടയിലെ സമരനായിക മയിലമ്മയുടെ ആത്മകഥാഖ്യാനം. ജീവിതകഥ/തയ്യാറാക്കിയത് : ജ്യോതീബായ് പരിയാടത്ത്. പ്രസാ : മാതൃഭൂമി ബുക്സ്, കോഴിക്കോട്-1. പേജ് 90, വില 40 രൂപ,*

പ്ലാച്ചിമട. അജ്ഞരായ ആദിവാസികളുടയും ദളിതരുടെയും ഒരു സമരം മാത്രമായിരുന്നു പ്ലാച്ചിമട സമരം. സ്വാധീനിക്കാവുന്ന ബന്ധങ്ങളോ രാഷ്ട്രീയ സ്വാധീനമോ ഇല്ലാത്തവർ... ആശയവിനിമയത്തിനാവശ്യമായ ആധുനിക സജ്ജീകരണങ്ങളില്ലാത്തവർ... ശക്തിരാഷ്ട്രീയക്കളികളറിയാത്തവർ... മുഖ്യധാരയിൽ നിന്നകന്നവർ.

സമൂഹത്തിന്റെയും രാജ്യത്തിന്റെയും മുന്നിൽ പ്ലാച്ചിമട ഉയർത്തിയ വെല്ലുവിളി എന്താണ്? രാഷ്ട്രങ്ങളേയും രാഷ്ട്രീയത്തേയും യഥേഷ്ടം മാറ്റിമറിക്കാൻ കെല്പുള്ള ഒരു ബഹുരാഷ്ട്ര കുത്തകയ്ക്കെതിരെ പോരാടാൻ ശക്തമായ സമരത്തിലൂടെ ഒരു ദുർബലസമൂഹത്തിന് കഴിയുമെന്നോ? തല്പരകക്ഷികളുടെ കുത്സിത പ്രവൃത്തി, എന്ന വാദത്തിൽനിന്നും "ഞങ്ങൾ മറ്റൊരിടത്തേക്ക് മാറാം" എന്നിടംവരെ ഭീകരശക്തിയുള്ള ഒരു ബഹുരാഷ്ട്ര കുത്തകയെക്കൊണ്ട് പറയിപ്പിക്കുവാൻ ദുർബലരുടെ ഈ സമരത്തിന് കഴിഞ്ഞെന്നതോ? പൊതുജനാരോഗ്യ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, സംസ്ഥാന-കേന്ദ്ര ഭൂജല അധികാരികൾ, തുടങ്ങിയ സർക്കാർ ശക്തികേന്ദ്രങ്ങളെക്കൊണ്ട്, ഇതൊരു അപ്രസക്ത പ്രശ്നം എന്ന നിലപാടിൽനിന്ന്, 'ഭാഗികസത്യം' എന്നതിലേക്ക് മാറ്റാൻ കഴിഞ്ഞുവെന്നതോ? ഗംഗൈകൊണ്ടൻ, മെഹ്ദിഗൻജ് തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് പ്രചോദനം നല്കാൻ ഈ സമരത്തിനായി എന്ന കാര്യമോ? പ്ലാച്ചിമട കൊക്കകോള ഉല്പാദനശാലയ്ക്കു മുമ്പിലെ ഒരുകൂട്ടം ആളുകളുടെ സമരം കമ്പനിയുടെ ഓഹരി ഉടമകളുടെ യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടതോ? അമേരിക്കൻ സർവ്വകലാശാലകളിലെ കുട്ടികൾ കോള കുടി നിർത്താനിടയാക്കിയതോ? കോടിക്കണക്കിന് പവൻ നഷ്ടപരിഹാരം തേടി കലാശാലാ ക്യാംപസുകൾ കോടതിയെ സമീപിക്കുന്ന അവസ്ഥയിലെത്തിയതോ? "തെറ്റായ ഉദ്ദേശലക്ഷ്യത്തോടെയുള്ള ആരോപണങ്ങൾ" അധികാരത്തിന്റെ നിമ്നോന്നതങ്ങൾ കയറിയിറങ്ങി, സംസ്ഥാനത്തിന്റെയും പഞ്ചായത്തിന്റെയും അധികാര പരിധികളും പരിമിതികളും കയറിയിറങ്ങി, പ്രകൃതവിഭവങ്ങൾ സംരക്ഷിക്കേണ്ട നിയമപരമായ ചുമതല 'പൊതുപ്രസ്ഥാനത്തിന്' ഉണ്ടെന്ന നിഗമനത്തിലെത്താനിടയാക്കിയതോ? വെള്ളത്തിന്റെ (ഈ കാര്യത്തിൽ ഭൂജലത്തിന്റെ) യഥാർത്ഥ അവകാശികൾ - തീരുമാനമെടുക്കാൻ അധികാരമുള്ളവർ - ആരാണെന്ന അടിസ്ഥാന പ്രശ്നം ഉയർന്നുവരാൻ ഈ സമരം ഇടയാക്കിയതോ? (പൊതുജനങ്ങളോ, തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തോ, സംസ്ഥാനമോ കേന്ദ്രമോ എന്ന്) ജലം നിലനിൽപ്പിന് വേണ്ടിയോ ജലം ലാഭത്തിന് വേണ്ടിയോ, ഏതാണ് പ്രധാനം ? ഗാർഹികാവശ്യമോ, ജലസേചനമോ, വ്യാവസായിക ആവശ്യമോ?

പൊതുജനങ്ങളുടെ പ്രശ്നത്തിന് പരിഹാരം കാണാൻ പഞ്ചായത്തിനും, സംസ്ഥാനത്തിനും കേന്ദ്രത്തിനും (ജനകീയ പ്രസ്ഥാനത്തിന് തന്നെയും) ഹൈക്കോടതിയ്ക്കും കഴിയില്ല എന്ന് ജനസമരം തെളിയിച്ചില്ലേ? 'മനുഷ്യോപയോഗ്യമല്ലാത്തത്" എന്ന് രേഖപ്പെടുത്തപ്പെട്ട ജലംകൊണ്ട് എങ്ങനെ അതിജീവിക്കാം എന്നതാണ് ജനങ്ങളുടെ പ്രശ്നം. കുറ്റവാളിയായ കൊക്കക്കോളയെ നിങ്ങളുടെ നിലവിലുള്ള കുറ്റവും ശിക്ഷയും സംബന്ധമായ നിയമങ്ങൾകൊണ്ട് എന്തുചെയ്യാൻ കഴിയും? എന്തു നീതിയാണ് നിങ്ങൾ ഞങ്ങൾക്കായി നടപ്പാക്കുക?

ജലനിയന്ത്രണ നിയമ വ്യവസ്ഥയുടെയും ഭരണരീതിയുടെയും അപര്യാപ്തത ഈ സമരം വെളിവാക്കിയില്ലേ? നിയമത്തിന്റെ ബലഹീനത വെളിവാക്കിയ പ്ലാച്ചിമട സമരം, രാഷ്ട്രീയനേതൃത്വത്തിന് ക്രിയാത്മകമായി പ്രശ്നത്തിനെ നേരിടാനുള്ള അവസരം നല്കി. അവസരം പാഴാക്കിക്കൊണ്ട്, ധീരമായ രാഷ്ട്രീയ തീരുമാനങ്ങളെടുക്കാതെ, നിയമവ്യവസ്ഥയുടെ പുറകിലൊളിക്കാനാണ് രാഷ്ട്രീയ ജനായത്തം തുണനിന്നത് - നിയമം ദുർബലമാണെന്ന് മനസ്സിലാക്കിക്കൊണ്ടു തന്നെ **മൂലധനത്തിന്റെ പിടിയിൽനിന്നും കുടിവെള്ളത്തിനെ, ജനങ്ങളുടെ അധീനതയിലേക്ക് മാറ്റുന്ന ഒരു വലിയ സമൂല മാറ്റത്തിന്റെ വായ്ക്കുരവയാണോ പ്ലാച്ചിമട?** പ്ലാച്ചിമടയിലെ ജനങ്ങളില്ലാത്ത പ്ലാച്ചിമട സമരം എങ്ങനെയിരിക്കും? സമരം തുടരുന്നതിനെക്കുറിച്ച് അവർക്ക് എന്തറിയാം? അന്തസ്സോടെ സ്വതന്ത്രമായി ജീവിക്കുക എന്ന സ്വപ്നത്തിലുപരി ഏതൊരു കുലീന രാഷ്ട്രമീമാംസയാണ്, അഥവാ ശാസ്ത്രീയ വിശകലനമോ തന്ത്ര-അഭ്യാസമോ ആണ് പ്ലാച്ചിമടക്കാരെ ഉത്തേജിതരാക്കുന്നത്?

*E-mail : rights@rediffmail.com*